# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5761 29.07.2015 ന് മറുപടിയ്ക്ക്

## കുറയുന്ന വനവിസ്തൃതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വനവിസ്തൃതി ആശങ്കപ്പെടുത്തും വിധം കുറഞ്ഞു വരുന്നതായി ശ്രദ്ധിച്ചിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) വനവും വന്യമൃഗങ്ങളും സംരക്ഷിക്കപ്പെടുന്നതിനായി പൊതുജന പങ്കാളിത്തത്തോടെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (ബി) വന സംരക്ഷണത്തിന് ജനങ്ങളുടെ സഹകരണം ഉറപ്പു വരുത്തുന്നതിനായി പൊതുജന പങ്കാളിത്തത്തോടെ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ട്. ഇ.ഡി.സി.കളിലെ അംഗങ്ങളെ പ്രൊട്ടക്ഷൻ വാച്ചർമാരായും, ഫയർ വാച്ചർമാരായും, ടൂറിസ്റ്റ് ഗൈഡുകളായും നിയോഗിച്ച് വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇ.ഡി.സി. കളിലെ അംഗങ്ങളുടെ സഹായത്തോടെ വനപരിശോധനയും, രഹസ്യ വിവര ശേഖരണവും, ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. കൂടാതെ പ്രകൃതി പഠന ക്യാമ്പുകളിലൂടെ വന സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം പൊതു ജനങ്ങൾക്ക് നൽകുന്നുണ്ട്. ജനപ്രതിനിധികൾ, പോലീസ്, വനം, എക്സൈസ് ഉദ്യോഗസ്ഥ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി വനമേഖലാ ജാഗ്രതാസമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഇ.ഡി.സി.കൾ മുഖേന ജൈവ കൃഷി നടത്തുന്നതിനുള്ള സൗകര്യങ്ങളും കാർഷികോൽപന്നങ്ങൾ ഇക്കോ ഷോപ്പ് മുഖേന വിതരണം ചെയ്യുന്നതിനുള്ള സൗകര്യങ്ങളും നടപ്പാക്കിയിട്ടുണ്ട്. 22-06-2011-ലെ ജി.ഒ. (ആർ.ടി)നം.273/11/വനം പ്രകാരം ജന പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് വന സംരക്ഷണത്തിനും വികസന പ്രവർത്തനത്തിനുമായി കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | വനഭൂമി അനധികൃതമായി കൈയ്യേറിയവരെ ഒഴിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കാമോ; | (സി) | വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും, വനാതിർത്തി സംരക്ഷിക്കുന്നതിനുമായി വനം സംരക്ഷണ ജീവനക്കാരെ നിയമിക്കുകയും അവർക്ക് ആവശ്യമുള്ള വാഹനങ്ങൾ, ആയുധങ്ങൾ എന്നിവ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഉൾപ്രദേശങ്ങളിൽ നിരന്തരമായ റെയ്ഡുകൾ, പട്രോളിംഗ് എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വി.എസ്.എസ്, ഇ.ഡി.സി അംഗങ്ങളുടെ സേവനം ഫലപ്രദമായി ഉപയോഗിക്കുകയും അതിർത്തികളിൽ ജണ്ടകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | വനമേഖലയിൽ പടർന്നു പിടിക്കുന്ന കാട്ടുതീ തടയുന്നതുൾപ്പെടെയുള്ള എന്തെല്ലാം നടപടികളാണ് വന സംരക്ഷണത്തിനായി സ്വീകരിച്ചു വരുന്നത്; | (ഡി) | വനമേഖലകളിലെ ഓരോ സംരക്ഷിത മേഖലകളുടേയും മാനേജ്മെന്റ് പ്ലാനിൽ ഫയർ പ്രൊട്ടക്ഷൻ പ്ലാൻ എഴുതിയിട്ടുണ്ട്. അതു പ്രകാരം ഓരോ ഫയർ സീസൺ തുടങ്ങുന്നതിനുമുമ്പും ഓരോ ഡിവിഷനിലും മുൻകാല അനുഭവങ്ങളെ അടിസ്ഥാനമാക്കി ഒരു ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നുണ്ട്. ടി ഫയർപ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഓരോ ഡിവിഷനിലും നടപ്പാക്കി വരുന്നുണ്ട്. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഫയർ ലൈൻ എടുക്കുന്നുണ്ട്. കാട്ടുതീ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളെ പല ഫയർ ബ്ലോക്കുകളായി തിരിച്ച് ഫയർ വാച്ചർമാര ഉൾപ്പെട്ട ഫയർ ഗ്യാങ് രൂപീകരിച്ചിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ ടി ഫയർ ഗ്യാങുകളുടെ സേവനം ഉപയോഗിക്കുന്നുണ്ട്. ജനപങ്കാളിത്തത്തോടെയുള്ള അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഇ.ഡി.സി.കളുടെ സേവനം ലഭ്യമാക്കുന്നുണ്ട്. കാട്ടുതീ തടയേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ജനവാസ കേന്ദ്രങ്ങളിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. പ്രദേശങ്ങളിലെ സ്കൂൾ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ ബോധവൽക്കരണ ക്യാമ്പുകൾ, റാലികൾ എന്നിവ സംഘടിപ്പിക്കുകയും, ബ്രോഷർ, അഗ്നി പ്രതിരോധ സന്ദേശങ്ങൾ എന്നിവ വിതരണം ചെയ്യുന്നുമുണ്ട്. അതി കഠിനമായ വേനൽക്കാലത്ത് കാട്ടുതീ പടരാൻ സാധ്യതയുള്ള സംരക്ഷിത മേഖലകൾ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതിയോടു കൂടി നിശ്ചിത കാലയളവിലേയ്ക്ക് അടച്ചിടാറുണ്ട്. |

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വനം കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയുണ്ടായി; ജില്ലാ അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ?

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒഴിപ്പിച്ച വനം കൈയ്യേറ്റങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2 |
| 2 | കൊല്ലം | 6 |
| 3 | കോട്ടയം | 4 |
| 4 | ഇടുക്കി | 46 |
| 5 | എറണാകുളം | 1 |
| 6 | പാലക്കാട് | 17 |
| 7 | തൃശ്ശൂർ | 48 |
| 8 | മലപ്പുറം | 8 |
| 9 | വയനാട് | 58 |
| 10 | കണ്ണൂർ | 2 |
| | **ആകെ** | **192** |

Ajitha

സെക്ഷൻ ഓഫീസർ